# പതിനാലാം കേരള നിയമസഭ
## (പത്താം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1196** **05.03.2018-ൽ മറുപടിയ്ക്ക്**

**ഓപ്പറേഷൻ സാഗർറാണി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ചിറ്റയം ഗോപകുമാർ<br>ശ്രീ.ജി.എസ്.ജയലാൽ<br>ശ്രീമതി ഗീതാ ഗോപി<br>ശ്രീ.വി.ആർ. സുനിൽ കുമാർ | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) വിഷം ചേർത്ത മത്സ്യങ്ങൾ കണ്ടെത്തുന്നതിനായി ഓപ്പറേഷൻ സാഗർറാണി എന്ന പേരിൽ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; | എ) മത്സ്യങ്ങളിൽ രാസവസ്തുക്കൾ ചേർത്ത് വിപണനം നടത്തുന്നത് കണ്ടെത്തുന്നതിനായി വ്യാപക പരിശോധന നടത്തുന്നതിനും ബന്ധപ്പെട്ടവർക്ക് അവബോധന ക്ലാസ്സുകൾ നടത്തുന്നതിനുമായി 'ഓപ്പറേഷൻ സാഗർ റാണി' എന്ന ഒരു പദ്ധതി ഭക്ഷ്യസുരക്ഷാ വകുപ്പ് വിഭാവനം ചെയ്ത് നടപ്പിൽ വരുത്തിയിട്ടുണ്ട്. |
| ബി) മത്സ്യവിപണന മേഖലകളിൽ നിരന്തര പരിശോധനകൾ നടത്തുന്നുണ്ടോ; ഇല്ലെങ്കിൽ അതിന് തയ്യാറാകുമോ; | ബി) മത്സ്യത്തിൽ മാരകമായ രാസവസ്തുക്കൾ ഉപയോഗിച്ചുള്ള വിപണനം തടയുന്നതിന്റെ ഭാഗമായി ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥരെയും ഫിഷറീസ് ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി 14 ജില്ലകളിലും സ്ക്വാഡ് രൂപീകരിച്ച് പരിശോധന നടത്തി വരുന്നുണ്ട്. ഇത്തരം രാസപദാർത്ഥങ്ങളുടെ സാന്നിദ്ധ്യം മനസ്സിലാക്കുന്നതിനുള്ള ലളിതമായ സാങ്കേതിക വിദ്യ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി, കൊച്ചി വികസിപ്പിച്ചിട്ടുണ്ട്. |
| സി) ഐസ് ഉണ്ടാക്കുന്ന ഫാക്ടറികളിൽ ഐസിൽ ഫോർമാലിൻ ചേർക്കുന്നുണ്ടെന്ന പരാതി പരിശോധിക്കുമോ; | സി) ഫിഷറീസ് വകുപ്പിന് നിലവിലുള്ള നിയമപ്രകാരം പരിശോധിക്കുന്നതിന് അധികാരമില്ല. ഭക്ഷ്യസുരക്ഷാ വകുപ്പ് മത്സ്യം കേട്ടുകൂടാതെ സൂക്ഷിക്കുന്നതിനായി ഉപയോഗിക്കുന്ന ഐസിന്റെ |

| | | | |
|---|---|---|---|
| | | | സാമ്പിളുകൾ പരിശോധിച്ചതിൽ ഫോർമാലിന്റെ അംശം കണ്ടെത്തിയതിനെ തുടർന്ന് നാല് ഐസ് ഫാക്ടറികൾ പൂട്ടുകയും അവയുടെ പ്രവർത്തനം നിർത്തി വയ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| ഡി) | മത്സ്യങ്ങളിൽ സോഡിയം ബെൻസോയേറ്റ് ഉപയോഗിക്കുന്നതായുള്ള വാർത്തകൾ പരിശോധിച്ചിട്ടുണ്ടോ; | ഡി) | ഫിഷറീസ് വകുപ്പ് നേരിട്ട് പരിശോധന നടത്തിയിട്ടില്ല. എന്നാൽ ഭക്ഷ്യസുരക്ഷാ വകുപ്പ് മത്സ്യങ്ങളിൽ സോഡിയം ബെൻസോയേറ്റിന്റെ സാന്നിദ്ധ്യം കണ്ടെത്തുന്നതിനായി 14 ജില്ലകളിലെയും വിപണികളിൽ ലഭ്യമായിട്ടുള്ള മത്സ്യത്തിന്റെ സാമ്പിളുകൾ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ ശേഖരിച്ച് അനലിറ്റിക്കൽ ലാബുകളിലും കേന്ദ്ര ഗവൺമെന്റിന്റെ നിയന്ത്രണത്തിലുള്ള സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി എന്ന ഗവേഷണ സ്ഥാപനത്തിലും പരിശോധിപ്പിച്ച് ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നുണ്ട്. |
| ഇ) | ഗുണമേന്മയുള്ള മത്സ്യം ജനങ്ങൾക്ക് ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്താൻ എന്തൊക്കെ നടപടി സ്വീകരിക്കുമെന്നറിയിക്കാമോ? | ഇ) | ഗുണനിലവാരം ഉറപ്പാക്കിയ മത്സ്യം ഉപഭോക്താവിന് ലഭ്യമാക്കുന്നതിന് കഴിയുമാറ് നിയമ നിർമ്മാണം സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**